പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4504 — 21.03.2018 ന് മറുപടിക്ക്

## തലശ്ശേരി മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br><br>ശ്രീ.എ. എൻ. ഷംസീർ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| ആർദ്രം പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | തലശ്ശേരി നിയോജക മണ്ഡലത്തിൽ ജനറൽ ആശുപത്രി, തലശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം. കതിരൂർ എന്നീ സ്ഥാപനങ്ങളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>ജനറൽ ആശുപത്രി, തലശ്ശേരി:<br><br>ആർദ്രം മിഷന്റെ ഭാഗമായി 1,10,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചുകൊണ്ട് ആശുപത്രിയിലെ വിവിധ ഒ.പി.യൂണിറ്റുകൾ നവീകരിക്കുന്നതിനായുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>കതിരൂർപ്രാഥമികാരോഗ്യ കേന്ദ്രം:<br><br>കതിരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കെട്ടിട സൗകര്യം, അടിസ്ഥാന സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, ഒരു ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 എന്നീ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ ജീവനക്കാർക്കും, തദ്ദേശ സ്വയംഭരണ മേധാവികൾക്കും വിദഗ്ധ പരിശീലനം നൽകി വരുന്നു. രോഗികൾക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനായി 15,10,000/- (പതിനഞ്ച് ലക്ഷത്തി പതിനായിരം രൂപ )അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ